"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നിലാവ് പദ്ധതി - നിലവിലെ പെയ്മെന്റ് ഘടന പരിഷ്കരിച്ചും ജി.എസ്.ടി, ആദായനികുതി എന്നിവയുമായി ബന്ധപ്പെട്ട ടിഡിഎസ് തദ്ദേശസ്വയംഭരണവകുപ്പിനു വേണ്ടി അടയ്ക്കേണ്ട ഉത്തരവാദിത്വം പഞ്ചായത്ത് ഡയറക്ടറിൽ നിക്ഷിപ്തമാക്കിയും- ഉത്തരവാകുന്നു.

തദ്ദേശ സ്വയം ഭരണ (ഇ.ഡബ്ല്യൂ.ബി) വകുപ്പ്

സ.ഉ.(കൈ) നം.228/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 07/10/2021

പരാമർശം:- 1. 25.12.2020-ലെ സ.ഉ(കൈ)നം.202/2020/തസ്വഭവ നം സർക്കാർ ഉത്തരവ്

2.05.08.2021 – ലെ സംസ്ഥാന വൈദ്യുതി ബോർഡ് ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടറുടെ CP/Plg2/NILAAVU/LED StreetLights/2021-22/119-നം കത്ത്

3. 03.09.2021 -ലെ കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ FA-5/3143/2021/KIIFB നം കത്ത്

ഉത്തരവ്

സംസ്ഥാനത്തെ ഏകദേശം 10.5 ലക്ഷം പരമ്പരാഗത തെരുവു വിളക്കുകൾക്ക പകരം LED ബൾബുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിച്ച് 289.82/-കോടി രൂപ ചെലവിൽ കിഫ്ബി ധനസഹായത്തോടെ തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് നിലാവ് (NILAVU).പദ്ധതി നിർവഹണത്തിന് സംസ്ഥാന വൈദ്യുതി ബോർഡിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായും LED ബൾബ് വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റായി EESL എന്ന സ്ഥാപനത്തെയും നിയോഗിച്ചിരുന്നു. LED വിതരണം നടത്തുന്നതോടുകൂടി EESL ന് കിഫ്ബി 80% തുക പെയ്മെൻറ് ആയി കൈമാറേണ്ടതാണെന്നും ബാക്കി 20 ശതമാനം പലിശ ഇല്ലാത്ത 7 വാർഷിക തവണകളായി നൽകേണ്ടതാണെന്നുമാണ് പരാമർശം 1-ലെ ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നത്.

പദ്ധതി നിർവഹണ വേളയിൽ ആദ്യഘട്ട പെയ്മെന്റിന്റെ അനുപാതം 80% ത്തിൽ നിന്ന് 84% മായി ഉയർത്തി നൽകണമെന്ന് EESLവൈദ്യുത ബോർഡ് മുഖാന്തിരം അപേക്ഷിക്കുകയുണ്ടായി. LED വാങ്ങുമ്പോൾ EESL ന് 84 % തുക പ്രാഥമിക അടവ് നൽകേണ്ടി വരുന്നു എന്ന കാരണം അറിയിച്ചാണ് ഇപ്രകാരം ആവശ്യപ്പെട്ടത്. കിഫ്ബി ജനറൽ ബോർഡിന്റെ അംഗീകാരത്തിനു വിധേയമായി ആവശ്യപ്പെട്ടിരിക്കുന്ന മാറ്റം അംഗീകരിക്കുന്നതായി പരാമർശം 3 പ്രകാരം കിഫ്ബി അറിയിച്ചു. അതായത് വിതരണം ചെയ്യപ്പെടുന്ന LED ബൾബുകളുടെ വിലയുടെ 84% തുകയും, അനുബന്ധ സാമഗ്രികളുടെ വിലയുടെ 100% തുകയും ആദ്യം പെയ്മെന്റ് ചെയ്യാമെന്നും ബാക്കി

16% തുക പലിശയില്ലാത്ത 7 വാർഷിക അടവുകൾ ആയി നൽകാമെന്നും കിഫ്ബി വ്യക്തമാക്കി

സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. നിലാവ് പദ്ധതിയുടെ ആവശ്യത്തിലേക്കായി EESL വിതരണം ചെയ്യുന്ന L E D ബൾബുകളുടെ വിലയുടെ 8 4 % തുകയും, അനുബന്ധ സാമഗ്രികളുടെ വിലയുടെ 100% തുകയും ആദ്യം പെയ്മെന്റ് ചെയ്യുകയും ബാക്കി 16% തുക പലിശയില്ലാത്ത 7 വാർഷിക അടവുകൾ ആയി നൽകുകയും ചെയ്യും വിധം പെയ്മെന്റ് അനുപാതം പുനക്രമീകരിച്ച് ഉത്തരവാകുന്നു.

നിലാവ് പദ്ധതി നിർവഹണം സംബന്ധിച്ച് കിഫ്ബി, തദ്ദേശസ്വയംഭരണ വകുപ്പ്, സംസ്ഥാന വൈദ്യുതി ബോർഡ് എന്നിവർ കക്ഷികളായ ത്രികക്ഷി കരാറിലെ ക്ലോസ് 5 പ്രകാരം നിയമാനുസൃത കിഴിവുകൾ വൈദ്യുതി ബോർഡിന് കൈമാറുമെന്നും, ജി.എസ്.ടി, ആദായനികുതി എന്നിവയുമായി ബന്ധപ്പെട്ട ടിഡിഎസ്, കെ.എസ്.ഇ.ബി. തദ്ദേശസ്വയംഭരണ വകുപ്പിനോ വകുപ്പ് ചുമതലപ്പെടുത്തുന്ന ഏജൻസിക്കോ കൈമാറാം എന്നുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഈ വ്യവസ്ഥപ്രകാരം കിഫ്ബി EESL-ന് നടത്തുന്ന പെയ്മെന്റിനോടനുബന്ധിച്ച് വരുന്ന ജി.എസ്.ടി, ആദായനികുതി എന്നിവയുമായി ബന്ധപ്പെട്ട ടിഡിഎസ് തദ്ദേശസ്വയംഭരണവകുപ്പിനു വേണ്ടി അടയ്ക്കേണ്ട ഉത്തരവാദിത്വം പഞ്ചായത്ത് ഡയറക്ടറിൽ നിക്ഷിപ്തമാക്കിയും ആയതിലേക്ക് വേണ്ടി ഒരു ബാങ്ക് അക്കൗണ്ട് ആരംഭിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ഗ്രാമവികസന കമ്മീഷണർ

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഇ.ബി. ലിമിറ്റഡ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇ.ഇ.എസ്.എൽ

ഇ.ഇ.എസ്.എൽ, കേരള സ്റ്റേറ്റ് ഹെഡ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

ധനകാര്യ വകുപ്പ്

ഊർജ്ജ വകുപ്പ്

പൊതുഭരണ (എസ്.സി) വകുപ്പ്.(കാബിനറ്റ് ഇനം നം. 297, തീയതി 06.10.2021)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ഡയറക്ടർ , പൊതുജന സമ്പർക്ക വകുപ്പ്(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

എക്സിക്യൂട്ടീവ് ഡയറക്ടർ. ഐ കെ എം, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 06-10-2021

ഫയൽ നം. ഇ.ഡബ്ല്യൂ.ബി.1/101/2020/തസ്വഭവ. ഇനം നം: 297

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - നിലാവ് പദ്ധതിയിലെ LED വിളക്കുകൾ വാങ്ങുമ്പോൾ EESL-ന് നൽകുന്ന പെയ്മെന്റിന്റെ അനുപാതം പരിഷ്കരിക്കുന്നത് സംബന്ധിച്ചും ടിഡിഎസ് ഒടുക്കുവാനുള്ള ചുമതല പഞ്ചായത്ത് ഡയറക്ടറിൽ നിക്ഷിപ്തമാക്കുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

297

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനായുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഇ.ഡബ്ല്യൂ.ബി1/101/2020/തസ്വഭവ |
| 2 | വകുപ്പ് | : | തദ്ദേശസ്വയം ഭരണ(ഇ.ഡബ്ല്യു.ബി) വകുപ്പ് |
| 3 | വിഷയം | : | നിലാവ് പദ്ധതിയിലെ LED വിളക്കുകൾ വാങ്ങുമ്പോൾ EESL-ന് നൽകുന്ന പെയ്മെന്റിന്റെ അനുപാതം പരിഷ്കരിക്കുന്നത് സംബന്ധിച്ചും ടിഡിഎസ് ഒടുക്കുവാനുള്ള ചുമതല പഞ്ചായത്ത് ഡയറക്ടറിൽ നിക്ഷിപ്തമാക്കുന്നത് സംബന്ധിച്ചും |
| 4 | മന്ത്രിസഭ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി. | : | 03.10.2021 |
| 5 | (i). ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii). ആണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല<br>ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അഭിപ്രായം കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br>-- |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. പ്രീത. കെ.എസ് |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ശാരദ മുരളീധരൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 04/10/21 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 05/10/2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.എം.വി.ഗോവിന്ദൻ മാസ്റ്റർ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 05/10/2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 05/10/2021 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

നിലാവ് പദ്ധതിയുടെ ഭാഗമായി LED വിളക്കുകൾ വാങ്ങുമ്പോൾ EESL-ന് നൽകുന്ന പെയ്മെന്റിന്റെ അനുപാതം പരിഷ്കരിക്കുന്നത് സംബന്ധിച്ചും ടി പെയ്മെൻറിനോട് അനുബന്ധിച്ചുള്ള ടിഡിഎസ് ഒടുക്കുവാനുള്ള ചുമതല പഞ്ചായത്ത് ഡയറക്ടറിൽ നിക്ഷിപ്തമാക്കുന്നത് സംബന്ധിച്ചുമാണ് ഈ കുറിപ്പ്.

2. സംസ്ഥാനത്തെ ഏകദേശം **10.5** ലക്ഷം പരമ്പരാഗത തെരുവു വിളക്കുകൾക്കു പകരം LED ബൾബുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് നിലാവ് (NILAVU). കിഫ്ബി ധനസഹായത്താലാണ് പദ്ധതി നടപ്പിലാക്കുന്നത്. 25.12.2020-ലെ സ.ഉ(കൈ)നം.202/2020/തസ്വഭവ നം ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയ പദ്ധതിക്ക് 289.82/-കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പദ്ധതി നിർവഹണത്തിന് സംസ്ഥാന വൈദ്യുതി ബോർഡിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തിയിരിക്കുന്നു. തെരുവ് വിളക്കുകളിൽ LED ബൾബ് സ്ഥാപിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ SLNP (Street Lighting National Program) പദ്ധതിയുടെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ള എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡ് (EESL) എന്ന സ്ഥാപനത്തെയാണ് നിലാവ് പദ്ധതിയിൽ LED ബൾബ് വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റായി നിയോഗിച്ചിട്ടുള്ളത്.

3. പദ്ധതിയുടെ ഒന്നാം ഘട്ടമായി 18w, 35W ഉള്ള 2 ലക്ഷം LED ലൈറ്റുകളും 5% ബഫർ സ്റ്റോക്കും EESL ലഭ്യമാക്കിയിരുന്നു. ഈ വാങ്ങിയ 2 ലക്ഷം LED ലൈറ്റുകൾ ഇതിനോടകം സ്ഥാപിച്ചിട്ടുണ്ട്. അടുത്ത ഘട്ടത്തിലേക്ക് വേണ്ടി 1.76 ലക്ഷം LED-കൾ ലഭ്യമാക്കുന്നതിനായി EESL ലെറ്റർ ഓഫ് ഇൻഡൻറ് നൽകിയിട്ടുണ്ട്.

4. നിലവിലെ ഭരണാനുമതി ഉത്തരവിൽ LED വിതരണം നടത്തുന്നതോടുകൂടി EESL ന് കിഫ്ബി 80% തുക പെയ്മെൻറ് ആയി കൈമാറേണ്ടതാണെന്നും ബാക്കി 20 ശതമാനം പലിശ ഇല്ലാത്ത 7 വാർഷിക തവണകളായി നൽകേണ്ടതാണെന്നുമാണ് വ്യവസ്ഥ ചെയ്യുന്നത്. ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടെ മന്ത്രിസഭാതീരുമാനപ്രകാരമാണ് ഇപ്രകാരം വ്യവസ്ഥ ചെയ്യുവാൻ തീരുമാനിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള തനത് ഫണ്ടിൽ നിന്നും കുറവ് ചെയ്ത് 7 വർഷം കൊണ്ട് KIIFB-യ്ക്കുള്ള തുക മടക്കി നൽകുന്നതാണ്. മൂലധനച്ചിലവിന്റെ 20% തുക 7 വാർഷിക തവണകളായി മാത്രം നൽകുന്നതിനാൽ EESL നെ വൈദ്യുതി ബോർഡിന് ബാങ്ക് ഗ്യാരണ്ടി നൽകുന്നതിൽനിന്ന് ഒഴിവാക്കിയിരുന്നു.

5. പദ്ധതി നിർവഹണ വേളയിൽ ആദ്യഘട്ട പെയ്മെന്റിന്റെ അനുപാതം 80% ത്തിൽ നിന്ന് 84% മായി ഉയർത്തി നൽകണമെന്ന് EESL വൈദ്യുത ബോർഡ് മുഖാന്തിരം അപേക്ഷിക്കുകയുണ്ടായി. EESL ന് LED വാങ്ങുമ്പോൾ 84 % തുക പ്രാഥമിക അടവ് നൽകണം എന്ന കാരണത്താലാണ് ഇപ്രകാരം ആവശ്യപ്പെട്ടത്. ആവശ്യം പുന:പരിശോധിക്കുവാൻ EESL നോട് ആവശ്യപ്പെട്ടപ്പോൾ അനുപാതം വർധിപ്പിച്ച് നൽകാൻ തന്നെ വീണ്ടും ആവശ്യപ്പെടുകയാണുണ്ടായത്.

6) പ്രസ്തുത ആവശ്യത്തിൽ കിഫ്ബിയുടെ അഭിപ്രായം ആരാഞ്ഞു. കിഫ്ബി ജനറൽ

ബോർഡിന്റെ അംഗീകാരത്തിനു വിധേയമായി ആവശ്യപ്പെട്ടിരിക്കുന്ന മാറ്റം അംഗീകരിക്കുന്നതായി കിഫ്ബി അറിയിച്ചു. അതായത് വിതരണം ചെയ്യപ്പെടുന്ന LED ബൾബുകളുടെ വിലയുടെ 84% തുകയും, അനുബന്ധ സാമഗ്രികളുടെ വിലയുടെ 100% തുകയും ആദ്യം പെയ്മെന്റ് ചെയ്യാമെന്നും ബാക്കി 16% തുക പലിശയില്ലാത്ത 7 വാർഷിക അടവുകൾ ആയി നൽകാമെന്നും കിഫ്ബി വ്യക്തമാക്കി. ആയതിൻപ്രകാരം EESL ന് നൽകേണ്ട പെയ്മെന്റിന്റെ അനുപാതം പരിഷ്കരിക്കാവുന്നതാണ്.

7) നിലാവ് പദ്ധതി നിർവഹണം സംബന്ധിച്ച് കിഫ്ബി, തദ്ദേശസ്വയംഭരണ വകുപ്പ്, സംസ്ഥാന വൈദ്യുതി ബോർഡ് എന്നിവർ കക്ഷികളായി ത്രികക്ഷി കരാർ ഏർപ്പെടേണ്ടതാണ്. പ്രസ്തുത കരാറിന്റെ (കരടിലെ) 5-ാം ഭാഗം (ക്ലോസ്) പ്രകാരം കരാറുകാരന് ഇൻവോയ്സ് തുക കൈമാറുമ്പോൾ വരുത്തേണ്ട കിഴിവുകൾ ഒന്നാം കക്ഷി(KSEBL) ക്ക് കൈമാറുമെന്നും ബന്ധപ്പെട്ട അധികാരികളിലേക്ക് ടി തുക ഒന്നാം കക്ഷി കൈമാറേണ്ടതാണ് എന്നുമാണ് വ്യവസ്ഥ ചെയ്തിരുന്നത്

8) എന്നാൽ ഇപ്രകാരം GST തുക അടക്കുവാൻ പ്രയാസമാണെന്നും ടി തുക ഗ്രാമപഞ്ചായത്ത്, നഗരസഭ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്നതിനുസൃതമായി പഞ്ചായത്ത് ഡയറക്ടർ നഗരകാര്യ ഡയറക്ടർ എന്നിവരിലേക്ക് കൈമാറാമെന്നും വൈദ്യുത ബോർഡ് അറിയിച്ചു.

9) GST നിയമത്തിലെ വകുപ്പുകൾ പ്രകാരം സർക്കാരിന് വേണ്ടി കരാറുകാരൻ വാങ്ങിയ വകയിലുള്ള ബില്ലിന്മേലുള്ള GST 12% ആണെന്നും അത് KSEBL അടയ്ക്കുന്ന പക്ഷം അത് 18% ആകുമെന്നും കിഫ്ബി അറിയിച്ചു അതായത് കെഎസ്ഇബി അടയ്ക്കേണ്ടിവരുന്ന 18%-ത്തെക്കാൾ സർക്കാർ 12% അടക്കുകയാണെങ്കിൽ 6% മിച്ചം ഉണ്ടാകുന്നതാണ്.

10) ത്രികക്ഷി കരാറിന്റെ കരട് തദ്ദേശ സ്വയംഭരണ വകുപ്പ് അംഗീകരിച്ച് കിഫ്ബിക്കും വൈദ്യുതി ബോർഡിനും കൈമാറിയിട്ടുണ്ട്. മേൽവിവരിച്ച കാരണങ്ങളാൽ അംഗീകരിച്ചയച്ചിരിക്കുന്ന ത്രികക്ഷി കരാറിന്റെ അഞ്ചാം ക്ലോസ് ആയി നിയമാനുസൃത കിഴിവുകൾ വൈദ്യുതി ബോർഡിന് കൈമാറുമെന്നും, ജി.എസ്.ടി, ആദായനികുതി എന്നിവയുമായി ബന്ധപ്പെട്ട ടിഡിഎസ്, കെ.എസ്.ഇ.ബി. തദ്ദേശസ്വയംഭരണ വകുപ്പിനോ വകുപ്പ് ചുമതലപ്പെടുത്തുന്ന ഏജൻസിക്കോ കൈമാറാം എന്നുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഈ വ്യവസ്ഥപ്രകാരം തദ്ദേശസ്വയംഭരണവകുപ്പിനു വേണ്ടി ടിഡിഎസ് അടയ്ക്കേണ്ട ഉത്തരവാദിത്വം പഞ്ചായത്ത് ഡയറക്ടറിൽ നിക്ഷിപ്തമാക്കാവുന്നതും ആയതിലേക്ക് ആയി ഒരു ബാങ്ക് അക്കൗണ്ട് ആരംഭിക്കുവാൻ അനുമതി നൽകാവുന്നതുമാണ്.

11) ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്. "Finance Department has no objection to the proposal".

12) ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയങ്ങൾ</u>**

1. നിലാവ് പദ്ധതിയുടെ ആവശ്യത്തിലേക്കായി EESL വിതരണം ചെയ്യുന്ന LED ബൾബുകളുടെ വിലയുടെ 84% തുകയും, അനുബന്ധ സാമഗ്രികളുടെ വിലയുടെ 100% തുകയും

ആദ്യം പെയ്മെന്റ് ചെയ്യുകയും ബാക്കി 16% തുക പലിശയില്ലാത്ത 7 വാർഷിക അടവുകൾ ആയി നൽകുകയും ചെയ്യും വിധം പെയ്മെന്റ് അനുപാതം പുനക്രമീകരിക്കാവുന്നതാണോ

2. കിഫ്ബി EESL-ന് നടത്തുന്ന പെയ്മെന്റിനോടനുബന്ധിച്ച് വരുന്ന ജിഎസ്.ടി, ആദായനികുതി എന്നിവയുമായി ബന്ധപ്പെട്ട ടിഡിഎസ് തദ്ദേശസ്വയംഭരണവകുപ്പിനു വേണ്ടി അടയ്ക്കേണ്ട ഉത്തരവാദിത്വം പഞ്ചായത്ത് ഡയറക്ടറിൽ നിക്ഷിപ്തമാക്കാവുന്നതാണോ? ആയതിലേക്ക് വേണ്ടി ഒരു ബാങ്ക് അക്കൗണ്ട് ആരംഭിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകാവുന്നതാണോ.